## വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം. ശശീന്ദ്രവ്യാസ് വി എ,പെൻ-280725 )**

വിഷയം:- പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം- ശ്രീ.അബ്ദുൾ സലാം എം കെ, (പി ഡി ടീച്ചർ, ജി എൽ പി എസ് മൊതക്കര) എന്നവർ കെ എസ് ആർ ഭാഗം 1 അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധിയെത്തുടർന്ന് അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന്റെ ഭാഗമായുള്ള അച്ചടക്ക നടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. പൊതു വിദ്യാഭ്യാസ(യു) വകുപ്പിലെ 01/10/2022 ലെ GEDN-U2/463/2020-G.EDN നമ്പർ കത്ത്
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19/10/2023ലെ എ5/11766/2020/ഡിജിഇ നമ്പർ കത്ത്
3. ഈ കാര്യാലയത്തിലെ അനൗദ്യോഗിക കുറിപ്പ് നമ്പർ എ3/306/2021 തീയതി 08/11/2022
4. ഈ കാര്യാലയത്തിലെ 12/01/2023 ലെ ഇതേ നമ്പർ കുറ്റപത്രം/കുറ്റാരോപണപത്രിക
5. ശ്രീ.അബ്ദുൾ സലാം എം കെ 30/01/2023 തീയതിയിൽ സമർപ്പിച്ച എതിർവാദ പത്രിക
6. ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി 01/04/2023
7. കെ സി എസ് (സിസി&എ) ചട്ടം 15 പ്രകാരമുള്ള അന്വേഷണ വിചാരണാധികാരിയുടെ 26/07/2023 തീയതിയിലെ AEOMND/10033/2022-B നമ്പർ റിപ്പോർട്ട്
8. ഈ കാര്യാലയത്തിലെ 13/10/2023 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9. മാനന്തവാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/10/2023 തീയതിയിലെ AEOMND/10033/2022-B നമ്പർ കത്ത്

### ഉത്തരവ് നമ്പർ -DDEWYD/3354/2022-A5 തീയതി : 07-12-2023

മാനന്തവാടി ഉപജില്ലയിലെ ജി.എൽ.പി.എസ് മൊതക്കരയിലെ പി.ഡി ടീച്ചർ ആയിരുന്ന ശ്രീ. അബ്ദുൾ സലാം.എം.കെ എന്നവർക്ക് സ.ഉ(സാധാ) നം. 3528/96 /പൊ.വി.വ തീയതി 29/10/1996, സ.ഉ(സാധാ) നം. 4140/2001 /പൊ.വി.വ തീയതി 06/11/2001 , സ.ഉ(സാധാ) നം. 5592/06/ പൊ.വി.വ തീയതി 28/12/2006, സ.ഉ(സാധാ) നം. 3235/12/ പൊ.വി.വ തീയതി 07/07/2012 എന്നിവ പ്രകാരം 01/11/1996 മുതൽ 31/10/2016 വരെ 20 വർഷത്തേക്ക് കെ.എസ്.ആർ ഭാഗം I അനുബന്ധം XII A വ്യവസ്ഥകൾക്കനുസരിച്ച് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ശൂന്യവേതനാവധി കഴിഞ്ഞ് 01/11/2016 ന് മൊതക്കര ജി.എൽ.പി സ്കൂളിൽ ഹാജരാകേണ്ടിയിരുന്ന ശ്രീ.അബ്ദുൾ സലാം എം.കെ, ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാരണത്തിന് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു.

മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ സലാം എം.കെ എന്നവർക്ക്

/539380/2023

പരാമർശം (4) പ്രകാരം കുറ്റപത്രം,കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി.ആയതിന് ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ശ്രീ. അബ്ദുൾസലാം എം.കെ എന്നവർക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച ഔപചാരിക അന്വേഷണ വിചാരണ നടത്തുന്നതിനായി പരാമർശം (6) ഉത്തരവ് പ്രകാരം മാനന്തവാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അന്വേഷണ വിചാരണാധികാരിയായി നിയോഗിക്കുകയും പരാമർശം (7) പ്രകാരം അന്വേഷണ വിചാരണാധികാരി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവയിൽ ആരോപിക്കപ്പെട്ട കുറ്റം ശ്രീ. അബ്ദുൾസലാം എം.കെ ചെയ്തിട്ടുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ അന്വേഷണ വിചാരണാധികാരി വ്യക്തമാക്കിയിട്ടുണ്ട്.

ടി റിപ്പോർട്ട് വസ്തുനിഷ്ഠവും ആധികാരികവുമാണെന്ന് ശിക്ഷണാധികാരി കണ്ടെത്തിയതിനാൽ ജി.എൽ.പി.എസ് മൊതക്കരയിലെ പി.ഡി.ടീച്ചർ ആയിരുന്ന ശ്രീ. അബ്ദുൾ സലാം.എം.കെ എന്നവർ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടിയിരുന്ന 01/11/2016 തീയതി പ്രബല്യത്തിൽ ടിയാന്റെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സേവനം കെ എസ് ആർ ഭാഗം 1 അനുബന്ധം XII A -യിലെ വ്യവസ്ഥകൾ,1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(1)(vii) എന്നിവ പ്രകാരം അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനം അന്തിമപ്പെടുത്തി ഉത്തരവാകാതിരിക്കാൻ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയതിനായി 15 ദിവസം അനുവദിച്ച് ഔപചാരിക അന്വേഷണ റിപ്പോർട്ട് , ശിക്ഷണാധികാരിയുടെ കണ്ടെത്തലുകൾ എന്നിവ സഹിതം പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ടി നോട്ടീസ് ശ്രീ. അബ്ദുൾ സലാം.എം.കെ, 20/10/2023 ന് കൈപ്പറ്റിയിട്ടുണ്ടെന്ന് മാനന്തവാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (9) പ്രകാരം അറിയിച്ചിട്ടുണ്ട്.എന്നാൽ ടിയാൻ നിശ്ചിത സമയപരിധിക്കകം വിശദീകരണമൊന്നും സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. അബ്ദുൾ സലാം.എം.കെ എന്നവർക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന് ബോധ്യപ്പെട്ടതിനാൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(1)(vii) പ്രകാരം മൊതക്കര ജി എൽ പി സ്കൂളിലെ പി ഡി ടീച്ചർ ശ്രീ. അബ്ദുൾ സലാം.എം.കെ എന്നവരെ ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 01/11/2016 തീയതി പ്രബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും (REMOVAL FROM THE SERVICE) അച്ചടക്ക നടപടികൾ തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

Signed by
Saseendravyas V A
Date: 07-12-2023 16:07:35

വിദ്യാഭ്യാസ ഉപഡയറക്ടർ
വയനാട്

സ്വീകർത്താവ് :

ശ്രീ. അബ്ദുൾ സലാം.എം.കെ,
മഠത്തിൽ കുനിയിൽ ഹൌസ്,
കോഴുക്കല്ലൂർ പി ഒ,മേപ്പയ്യൂർ വഴി,
കോഴിക്കോട് ജില്ല,പിൻ-673524
(ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,മാനന്തവാടി മുഖാന്തിരം)

പകർപ്പ്-

1.ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,മാനന്തവാടി

(ജീവനക്കാരന്റെ മറ്റ് മേൽവിലാസം/ഇ-മെയിൽ ലഭ്യമെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകി കൈപ്പറ്റ് രസീത് സഹിതം വിവരം ഈ കാര്യലയത്തിൽ അറിയിക്കേണ്ടതാണ്.)

2. പ്രധാനാധ്യാപകൻ,
   ജി എൽ പി എസ് മൊതക്കര
   (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,മാനന്തവാടി മുഖാന്തിരം)
3. എ3 സെക്ഷൻ,ഡിഡിഇ ഓഫീസ് ,വയനാട്
4. കരുതൽ ഫയൽ